## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 205 13.02.2013-ൽ മറുപടിയ്ക്ക്

### സംയോജിത ഔട്ട് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി.റ്റി.ബൽറാം | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംയോജിത ഔട്ട് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. അമരവിളയിൽ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 1.9.2011 ൽ ആരംഭിച്ചു. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം അമരവിള ടോൾ ജംഗ്ഷനിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം 27.11.2012 ന് ഉദ്ഘാടനം ചെയ്തു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) | വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കു വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കുനീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ<br>(............2) |

| | | | |
|---|---|---|---|
| | | | പരിശോധന ഒരേ സമയം നടക്കു മെന്നുള്ളതിനാൽ പരിശോധന സമയം കാര്യമായി കുറയുകയും ആയതിനെ തുടർന്ന് speedy clearance സാദ്ധ്യ മാവുകയും ചെയ്യും. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാധുനിക സംവിധാനങ്ങളും പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കും. |
| (സി) | എവിടെയെല്ലാമാണ് ഇവ പ്രവർത്തിക്കുന്നത് ; എല്ലാ ഔട്ട് ചെക്ക് പോസ്റ്റിലും പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | തിരുവനന്തപുരം ജില്ലയിലെ അമര വിളയിൽ സംയോജിത ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നുണ്ട്. സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം ബംഗ്ര മഞ്ചേശ്വരം, വാളയാർ ഉൾപ്പെടെ മറ്റു പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ